Series : ΩQAΩA

SET-4

ചോദ്യപേപ്പർ കോഡ്
Q. P. Code **12**

रोल नं.
Roll No.

Candidates must write the Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച 4 പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുഭാഗത്തു കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ 4 ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- ഉത്തരമെഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിറ്റാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ **10.15** നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. **10.15** മുതൽ **10.30** വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.
- Please check that this question paper contains **4** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 4 questions.
- **Please write down the Serial Number of the question in the answer-book before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period. *

# മലയാളം
# MALAYALAM

അനുവദിച്ച സമയം : രണ്ടു മണിക്കൂർ
*Time allowed : 2 hours*

ആകെ മാർക്ക്: 40
*Maximum Marks : 40*

**General Instructions :** The question paper is divided in to two sections :-

1. SECTION – A : GRAMMAR & WRITING. **(22 MARKS)**
2. SECTION – B : LITERATURE (PROSE, POETRY &NON-DETAILED) **(18 MARKS)**

**എ-വിഭാഗം/SECTION A**

1. (a) **വാക്യത്തിൽ പ്രയോഗിക്കുക (ഏതെങ്കിലും രണ്ടെണ്ണം മാത്രം എഴുതുക)** **1 × 2 = 2**

(i) കഥ കഴിക്കുക (ii) അടക്കി വാഴുക (iii) ആദരണീയം

(b) അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. (രണ്ട് ചോദ്യങ്ങൾക്കും ഉത്തരം എഴുതണം) **1 × 2 = 2**

(i) നീ ഞങ്ങളെ അനാദരിച്ച് ആ കടുപ്പം ചെയ്തതുകൊണ്ട് ദേവകീപുത്രൻ പറഞ്ഞ ഉത്തമവാക്യം തീർച്ചയായും ഫലിക്കും.

(ii) ദ്രൗണി അത് പാണ്ഡവഗർഭത്തിലേക്ക് വിട്ടപ്പോൾ ഹൃഷീകേശൻ ഹർഷം പൂണ്ട് ആ പാപിയോടു പറഞ്ഞു

(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (രണ്ട് ചോദ്യങ്ങൾക്കും ഉത്തരം എഴുതണം) **1 × 2 = 2**

* (i) സർവ്വഭൂതാത്മാവായ നാരദനും ഭാരതപിതാമഹനായ കൃഷ്ണ ദ്വൈപായനനും ആ അസ്ത്രങ്ങൾക്ക് നടുക്ക് മധ്യത്തിൽ മറ്റു രണ്ട് അഗ്നികളെപ്പോലെ വന്നുനിന്നു.

(ii) ആളുകൾ ഉറക്കപ്പിച്ചും ഭയവും പിടിപെട്ട് അങ്ങുമിങ്ങും വേഗത്തിൽ ഓടി പായുകയായി.

(d) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക: **6**

(i) മഹാമാരിക്കാലത്തെ സമൂഹജീവിതം.

(ii) മാതൃഭാഷ മറക്കുന്ന മലയാളി

(e) നിങ്ങളുടെ പ്രദേശത്ത് നദിയിൽ നിന്ന് മണൽക്കൊള്ള നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും, ഈ മണൽക്കൊള്ള ഉടനെ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ജില്ലാകളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. **5**

(f) ആറാട്ടുകുന്ന് എന്ന ഗ്രാമത്തിൽ, കളിക്കുന്നതിനിടയിൽ സമീപത്തെ കുളത്തിൽ വീണ പിഞ്ചുകുഞ്ഞിനെ രക്ഷിച്ച രാജു എന്ന പത്തുവയസ്സുകാരന്റെ അസാമാന്യമായ ധീരതയ്ക്ക് ജനങ്ങളുടെ അഭിനന്ദന പ്രവാഹവും നാടിന്റെ ആദരവും-ഇതിനെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക. **5**

## ബി-വിഭാഗം/SECTION B

2. **ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക:** **3 × 2 = 6**

(a) തനിക്ക് സ്വർഗപ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിച്ചതിന്റെ അടിസ്ഥാനമെന്ത് ?

(b) "ആചാര്യ പുത്രാ, എന്നെ ശസ്ത്രം കൊണ്ട് കൊന്നേക്കൂ, താമസിക്കേണ്ട. മനുഷ്യശ്രേഷ്ഠാ, അങ്ങയുടെ കൈകൊണ്ടു ഞാൻ സുകൃതലോകങ്ങളിലേക്കു പോകട്ടെ"- ആര് ആരോട് പറയുന്നതാണിത് ? സന്ദർഭം, ആശയം എന്നിവ വിശദീകരിക്കുക.

(c) "അതിനെ, അവനെ, എപ്പോഴും എവിടേയും കരുതിയിരുന്നു കൊള്ളുക എന്ന താക്കീതാണ്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കൽപ്പിച്ചതിന്നർത്ഥം"-ആശയം വിശദീകരിക്കുക.

3. **ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **3 × 2 = 6**

(a) "ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ

വയ്യ, തലയ്ക്കകത്തെന്തോ പെരുക്കുന്നു"-സന്ദർഭവും ആശയവും വിവരിക്കുക.

(b) 'ഓണമുറ്റത്ത്' എന്ന കവിതയിൽ ഉദിച്ചുയരുന്ന പുലരിയെ കവി എങ്ങനെയാണ് വർണ്ണിക്കുന്നതെന്ന് വിവരിക്കുക.

(c) "ഇവരറിയുന്നീലെന്നഭിമാനം"-കവി ഇങ്ങനെ പറയാൻ കാരണം എന്ത്?

4. **ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **3 × 2 = 6**

(a) ശ്രീനാരായണ ഗുരുദേവനും ചട്ടമ്പി സ്വാമികളും തമ്മിലുള്ള അടുപ്പത്തെക്കുറിച്ച് ഒരു വിവരണം എഴുതുക.

(b) താൻ ആഗ്രഹിച്ചിരുന്നതുപോലുള്ള ഒരു ഗുരുവിനെത്തേടി അലഞ്ഞു നടന്ന കുഞ്ഞൻ പിള്ളയ്ക്ക് വടിവീശ്വരത്തു വെച്ചുണ്ടായ നിർണ്ണായക സംഗമത്തെക്കുറിച്ച് വിവരിക്കുക.

(c) "തന്നോടൊപ്പം ഉള്ളവർക്ക് തനിക്ക് ലഭിക്കുന്ന പരിഗണന തന്നെ വേണം എന്ന് ചട്ടമ്പിസ്വാമികൾക്ക് നിർബന്ധമുണ്ടായിരുന്നു" - ഉദാഹരണസഹിതം വിശദികരിക്കുക.

---

*